മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) നാളികേരത്തിനു് $\frac{൨\ ൦ - ൧൨ - ൧൯\ ൭൩}{൫ - ൫ - ൧൧൨}$ മുതൽ

വെളിച്ചെണ്ണക്കു് $\frac{൧\ ൫ - ൧൨ - ൧൯\ ൭൩}{൯\ ൦ - ൭ - ൧൧൨}$ മുതൽ.

(ബി), (സി), (ഡി) & (ഇ) സ്റ്റേറ്റുമെണ്ടു് മേശപ്പുറത്തു വച്ചിരിക്കുന്നു.

(എഫു്) ചോദ്യം വ്യക്തമല്ലാത്തതിനാൽ സ്റ്റേറ്റുമെണ്ടിൽ കാണിച്ചിരിക്കുന്നതിൽ കൂടുതൽ വിവരം നൽകുവാൻ നിവൃത്തിയില്ല.

(ജി) ഉദ്ദേശം ൨൫൦ അപേക്ഷകന്മാരുണ്ടായിരുന്നു.

(എച്ചു്) സ്റ്റേറ്റുമെണ്ടു് മേശപ്പുറത്തു വച്ചിരിക്കുന്നു.

VOTERS LIST—DETAILS REGARDING

492. ചൌധുരി ജി. എസ്സു്. ധാരാസിംഗു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമൊ,—

(എ) പ്രായപൂർത്തിവോട്ടവകാശ അടിസ്ഥാനത്തിന്മേൽ തയ്യാറാക്കിവരുന്ന വോട്ടേഴ്സു് ലിസ്റ്റിന്റെ പണി എത്രത്തോളമായി;

(ബി) പണി മുഴുവനാകുവാൻ ഇനി എത്രകാലം വേണ്ടിവരും?

റാവു സാഹിബു് എ. മാധവപ്രഭു:

(എ) ചീഫു് ഇലക്ഷൻ ആഫീസർക്കു കൂടുതൽ അധികാരം കൊടുക്കേണ്ടതിലേക്കു് കൌൺസിൽ മൂലകം അമെണ്ടു ചെയ്യുകയും വീടുകൾക്കു് നമ്പർ ഇടുകയും കഴിഞ്ഞാലുടനെ പേരുവിവരം തയ്യാറാക്കുവാൻ തുടങ്ങും. മൂലകം ഉടനെ അമെണ്ടു ചെയ്യുന്നതും വീടുകൾക്കു ഉടനെ നമ്പർ ഇടുന്നതും അതിടെ തുടർന്നു് പേരുവിവരം തയ്യാറാക്കുന്നതും ആകുന്നു.

(ബി) അടുത്തകൊല്ലം തിരഞ്ഞെടുപ്പിനുതക്കവണ്ണം പണി പൂർത്തിയാകുമെന്നാണു് ഉദ്ദേശിക്കുന്നതു്.

STUDENTS SELECTED FOR MEDICAL COLLEGES—DETAILS REGARDING

493. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) മെഡിക്കൽ പഠനത്തിന്നായി ഈ കൊല്ലം താഴെ പറയുന്ന കോളേജുകളിലേക്കും സർവ്വകലാശാലകളിലേക്കു തിരഞ്ഞെടുക്കപ്പെട്ടവർ ആരെല്ലാം;

(൧) മദ്രാസു് മെഡിക്കൽ കോളേജു്.

(൨) കൽക്കത്ത മെഡിക്കൽ കോളേജു്.

(൩) ഡില്ലി മെഡിക്കൽ കോളേജു്.

(൪) ലെക്കു്നൌ മെഡിക്കൽ കോളേജു്.

(ബി) ഈ ഓരോ സ്ഥലത്തേക്കും തിരഞ്ഞെടുക്കപ്പെട്ടവർ ഏതേതു ജാതിക്കാരാണെന്നും അവർ ഓരോരുത്തരുടേയും ലിറ്റററി ക്വാളിഫിക്കേഷൻ, ക്ലാസ്സു് ഇവകളും എന്തെല്ലാമാണെന്നും വിശദമായി പറയാമോ; (ഓരോരുത്തരുടേയും പരീക്ഷാഫലം പ്രസിദ്ധീകരിച്ചു ഗസറ്റുകളും മേശപ്പുറത്തു വെക്കണം).

(സി) മേൽപറഞ്ഞ ഓരോ സ്ഥലത്തേക്കും പ്രവേശനം ലഭിക്കുന്നതിനു ഓരോ സമുദായത്തിൽനിന്നു് ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്,

(ഡി) ഈ അപേക്ഷകർ ഓരോരുത്തരുടേയും ലിറ്റററി ക്വാളിഫിക്കേഷൻ, ക്ലാസ്സു് ഇവകൾ ഏവ; ഓരോരുത്തരുടേയും പരീക്ഷാഫലം പ്രസിദ്ധീകരിച്ചിരിക്കുന്ന ഗസറ്റുകളും മേശപ്പുറത്തു വെക്കണം:

(ഇ) തിരഞ്ഞെടുപ്പു നടത്തിയതു ആരാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) (൧) കെ. ശാരദാഭായു്. (൨) എം. സുഭദ്ര.

(൨) (i) ടി. കെ. ജോൺ (ii) എം. ചിറയത്തു്.

(൩) ഡെൽഹി മെഡിക്കൽ കോളേജിലേക്കു് ആരേയും തിരഞ്ഞെടുത്തിട്ടില്ല. എന്നാൽ അവിടേക്കു് പ്രവേശനത്തിന്നു് അപേക്ഷ അയച്ചിരുന്ന സത്യവതി എന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly